"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. ഷക്കീല ബീവി എസ്., ഫീൽഡ് വർക്കർ, ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, വിഴിഞ്ഞം - പ്രത്യേക അവശതാ അവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.928/2025/H&FWD തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:-

1. ശ്രീമതി. ഷക്കീല ബീവി. എസ് സമർപ്പിച്ച 07/08/2024 തീയതിയിലെ അവധി അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 11/03/2025 തീയതിയിലെ ഇജി5-6464/2025/ആ.വ.ഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് വിഴിഞ്ഞം സ്റ്റേഷനിലെ ഫീൽഡ് വർക്കർ, ശ്രീമതി. ഷക്കീല ബീവി എസ്.-നെ 09.07.2024 - ന് പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ Morbidity Management and Disability Prevention (MMDP) ക്ലിനിക്കിൽ ഡ്യൂട്ടിക്ക് നിയമിച്ചിരുന്നു. ഡ്യൂട്ടിക്കിടെ കാൽ വഴുതി വീണ് ഉണ്ടായ അപകടത്തെത്തുടർന്ന് 10.07.2024 മുതൽ 06.08.2024 വരെ പ്രത്യേക അവശതാ അവധി അനുവദിക്കുന്നതിനായി ടിയാൾ സമർപ്പിച്ച പരാമർശം (1) അപേക്ഷ പരാമർശം (2) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. ശ്രീമതി. ഷക്കീല ബീവി അവധി കഴിഞ്ഞ് 07.08.2024 -ന് ജോലിയിൽ തിരികെ പ്രവേശിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് വിഴിഞ്ഞം സ്റ്റേഷനിലെ ഫീൽഡ് വർക്കർ ശ്രീമതി. ഷക്കീല ബീവി എസ്.-ന് 09.07.2024-ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ സംഭവിച്ച ആകസ്മിക അപകടത്തെത്തുടർന്ന്

ജോലിയ്ക്ക് ഹാജരാകാതിരുന്ന 10.07.2024 മുതൽ 06.08.2024 വരെയുള്ള 28 ദിവസത്തേയ്ക്ക് കെ.എസ്.ആർ. ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശതാ അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജി സി എൻ

അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം.

സീനിയർ ബയോളജിസ്റ്റ്, ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, തിരുവനന്തപുരം.

ശ്രീമതി. ഷക്കീല ബീവി എസ്., ഫീൽഡ് വർക്കർ, ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, വിഴിഞ്ഞം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(F2/80/2025-HEALTH നമ്പർ ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 27-03-2025 17:21:38

സെക്ഷൻ ഓഫീസർ